**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 557** **11-06-2024 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്വന്തം സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | പ്രസ്തുത പ്രവർത്തിക്കായി ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് (സ.ഉ.(സാധാ)നം. 2400/2013/ ഉ.വി.വ) 2013- ലായതിനാൽ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഭരണ വകുപ്പ് 186.62 കോടി രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ഇത് പരിശോധിച്ച് പരപ്പനങ്ങാടി എൽ.ബി. - എസ്.ഐ.ഐ.എസ്.ടി.ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് നൽകേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട് (07/03/2022, 04/08/2022, 21/02/2023) . അപ്രകാരം തുടർന്നുള്ള വാർഷിക പദ്ധതിയിൽ, ഉൾപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് മുൻപ് ലഭ്യമാക്കിയ ഭരണാനുമതി ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | ഭരണാനുമതി നിലനിൽക്കുന്നില്ല. ഭരണാനുമതി പുറപ്പെടുവിച്ച് 9 വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ